സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ക്ഷാമബത്ത കുടിശ്ശിക പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ലയിപ്പിക്കുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 11900/11/Est-I** നന്തൻകോട്, 29/01/2022

---

പരാമർശം :- 1) 19-03-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
2) 15-06-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന്റെ 22-12-2021 ലെ നിവേദനം.
4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 30-12-2021 ലെ DA 525/21/TEPF നമ്പർ റിപ്പോർട്ട്..

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷാമബത്ത 36 % ആയി വർദ്ധിപ്പിച്ച് (16 % വർദ്ധനവ്) പരാമർശം 1 ബോർഡുത്തരവായി. വർദ്ധിപ്പിച്ച ക്ഷാമബത്ത കുടിശ്ശിക (2019 ജനുവരി മുതൽ 2021 ഫെബ്രുവരി വരെയുള്ള കാലയളവിലെ) ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ ലയിപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

എന്നാൽ കോവിഡ്-19 രണ്ടാം തരംഗത്തെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയാൽ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ ലയിപ്പിക്കേണ്ടുന്ന ക്ഷാമബത്ത കുടിശ്ശിക ബില്ലുകൾ ചെലവെഴുതുന്നത് താൽക്കാലികമായി നിർത്തിവച്ച് ബോർഡുത്തരവായി (പരാമർശം -2).

പ്രസ്തുത ക്ഷാമബത്ത കുടിശ്ശിക ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ ലയിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിവരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ അംഗീകൃത സംഘടനയുടെ നിവേദനം ലഭിച്ചു(പരാമർശം - 3).

(മറുപുറം)

തുടർന്ന് ഇക്കാര്യത്തിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് (പരാമർശം - 4) കൂടി ലഭ്യമാക്കി ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

ബോർഡിന്റെ സാമ്പത്തിക സ്ഥിതി നേരിയതോതിൽ മെച്ചപ്പെട്ട് വരുന്ന സാഹചര്യത്തിൽ പരാമർശം 1 ന്റെ അടിസ്ഥാനത്തിലുള്ള ക്ഷാമബത്ത കുടിശ്ശിക സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകി ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. അക്കൗണ്ട്സ് സെക്ഷൻ, ബോർഡാഫീസ്
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK